# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 607 24.01.2018- ൽ മറുപടിക്ക്**

## ടെക്സ്റ്റൈൽ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അട്ടൂർ പ്രകാശ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖല നിലവിൽ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; | (എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ 2011 മുതൽ നഷ്ടത്തിൽ പ്രവർത്തിക്കുകയായിരുന്നു മൂലം വർക്കിംഗ് ക്യാപ്പിറ്റൽ ചോർച്ച ഉണ്ടായതും തൽഫലമായി അസംസ്കൃത വസ്തു വാങ്ങുന്നതിനും, ജീവനക്കാർക്ക് നിയമാനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നതിനും മില്ലുകളുടെ കമേഴ്സ്യൽ പ്രവർത്തനങ്ങൾക്കും ബുദ്ധിമുട്ട് നേരിട്ടതും ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധിക്ക് കാരണമായി.<br><br>ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടെ തുടർച്ചയായ നഷ്ടത്തിനു കാരണമായത്:<br>1. മിൽ ആധുനീകരണം നടത്താതിരിക്കൽ<br>2.പഴയ മെഷീനുകളുടെ ഉൽപാദനക്ഷമത കുറവ്.<br>3.തൊഴിലാളികളുടെ ഉൽപാദന ക്ഷമത കുറവ്.<br>4. നൂലിന്റെ താഴ്ന്ന ക്വാളിറ്റി.<br>5.അസംസ്കൃത വസ്തുവിന്റെ വിലയിലും നൂൽ വിലയിലുമുള്ള കുറഞ്ഞ വിടവ് എന്നിവയാണ്.<br><br>പ്രവർത്തനമൂലധനത്തിന്റെ അഭാവം മൂലം കോട്ടൺ സീസണിൽ വാങ്ങാൻ സാധിക്കാത്തതും, മില്ലുകളിലെ കൂടിയ പ്രൊഡക്ഷൻ കോസ്റ്റും ഇതിനു കാരണമായ കുറഞ്ഞ ലേബർ പ്രൊഡക്ടിവിറ്റിയും കുറഞ്ഞ മെഷീൻ പ്രൊഡക്ടിവിറ്റിയും, ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾ പ്രതിസന്ധിയിലാക്കുന്നതിന്റെ കാരണങ്ങളാണ്.<br><br>മില്ലുകളിലെ മെഷിനറികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം ഉൽപാപദനക്ഷമത കുറവും, ഗുണമേന്മയുള്ള നൂൽ മാർക്കറ്റിൽ ലഭ്യമാക്കാൻ സാധിക്കാത്തതും മൂലം മാർക്കറ്റിൽ ഉദ്ദേശിച്ച വില ലഭിക്കാതെയും വരുന്നു. |

| | |
|---|---|
| | മാർക്കറ്റിൽ നിന്ന് കൂടുതൽ ദൂരത്തായതു കൊണ്ട് കോട്ടൺ വാങ്ങുമ്പോഴും യാൺ വിൽക്കുമ്പോഴുമുള്ള ട്രാൻസ്‌പോർട്ടേഷൻ ചാർജ്ജ് അഡീഷണലായി വരുന്ന ചെലവാണ്. |
| (ബി) ടെക്സ്റ്റ് ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏഴ് സഹകരണമില്ലുകളും രണ്ട് ടെക്സ്റ്റൈൽ മില്ലുകളും ആധുനികവൽക്കരിക്കുന്നതിനും പുനരുദ്ധീകരിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി 2017-18 ബഡ്ജറ്റിൽ 27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിലുള്ള കോമളപുരം സ്പിന്നിംഗ് മില്ല്, പ്രഭുറാം മിൽ എന്നിവ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവ തുറന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിലുള്ള കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ്, പ്രഭുറാം മിൽസ് എന്നിവ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) സൗജന്യ സ്കൂൾ യൂണിഫോമിന് ആവശ്യമുള്ള നൂൽ ഈ മില്ലുകളിൽ ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സൗജന്യ സ്കൂൾ യൂണിഫോമിന് ആവശ്യമുള്ള നൂല് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള പൊതുമേഖലാ മില്ലുകളായ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, പ്രഭുറാം മിൽ എന്നിവയ്ക്ക് പുറമേ ടെക്സ്റ്റ്ഫെഡിന്റെ കീഴിലുള്ള കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ നിന്നും ഉൽപാദിപ്പിച്ച് നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**